# (v) ഇഖ്‌ലാസ്

തനിപ്പിക്കുക, അകളങ്കമാക്കുക, ആത്മാർഥമാക്കുക, എല്ലാറ്റിൽനിന്നും വ്യതിരിക്തമാക്കുക എന്നിങ്ങനെയാണ് ഇഖ്‌ലാസ് എന്ന പദത്തിന്റെ അർഥം. സാങ്കേതിക ഭാഷയിൽ കർമങ്ങളുടെ ലക്ഷ്യം ദൈവപ്രീതി മാത്രമാക്കലും ഏകദൈവത്തിലുള്ള അകളങ്കിതമായ വിശ്വാസവുമാകുന്നു ഇഖ്‌ലാസ്. ഈ വിധം കർമം ചെയ്യുന്നവരെയും വിശ്വസിക്കുന്നവരെയും മുഖ്‌ലിസ് എന്നു പറയുന്നു. അല്ലാഹുവിനുള്ള വിധേയത്വത്തിൽ- ദീനിൽ മുഖ്‌ലിസ്വുകൾ ആയിരിക്കണമെന്ന് വിശുദ്ധ ഖുർആൻ ആവർത്തിച്ചനുശാസിച്ചിട്ടുണ്ട്. അല്ലാഹുവിനുവേണ്ടി ചെയ്യുന്ന ഒരു കർമത്തിന്റെ പിന്നിൽ അല്ലാഹുവിന്റെ പ്രീതിയല്ലാത്തതും അവന്റെ പ്രീതിക്ക് ഇണങ്ങാത്തതുമായ വല്ല ലക്ഷ്യവും ഉണ്ടെങ്കിൽ അതിന്റെ കർത്താവ് മുഖ്‌ലിസ് അല്ലാതാകുന്നു. ആ കളങ്കത്തിന്റെ അളവും ഗൗരവവുമനുസരിച്ച് കർമം നിഫാഖും (കാപട്യം) കുഫ്‌റും (ദൈവധിക്കാരം) ആയി മാറും. ദൈവപ്രീതി കാംക്ഷിച്ച് ദാനം ചെയ്യുന്ന ഒരാൾ അതുവഴി ദാനം ലഭിക്കുന്നവന്റെ നന്ദി കൂടി കാംക്ഷിക്കുന്നത് ആ കർമത്തിനേല്പിക്കുന്ന ഒരു കളങ്കമാകുന്നു. പാതിരാവിൽ എഴുന്നേറ്റ് ഭക്തിപൂർവം നമസ്കാരത്തിലേർപ്പെടുന്നവൻ, തന്റെ ഈ നമസ്കാരം വല്ലവരും കണ്ട് താൻ ഒരു ഭക്തനാണെന്നു മനസ്സിലാക്കിയെങ്കിൽ എന്ന് ആശിക്കുന്നതു പോലും ഇഖ്‌ലാസിന് വിരുദ്ധമാണെന്ന് പണ്ഡിതൻമാർ പറഞ്ഞിട്ടുണ്ട്.

ഇഖ്‌ലാസ് സ്വൂഫികൾ പ്രത്യേകം പരിഗണിച്ചിട്ടുള്ള സങ്കേതമാകുന്നു. തസ്വവ്വുഫിനെ ഇഖ്‌ലാസിന്റെ അതേ ആശയമുള്ള മറ്റൊരു പദമായിട്ടാണവർ കാണുന്നത്. ജീവിതത്തെ നിഷ്കളങ്കമായ ദൈവാനുരാഗത്തിനു സമർപ്പിക്കുകയാണ് തസ്വവ്വുഫ്. സംസാര സുഖങ്ങളും ഭൗതിക കാമനകളും ഈ സമർപ്പണത്തെ കളങ്കപ്പെടുത്തും. ഈയടിസ്ഥാനത്തിലാണ് ചില സ്വൂഫികൾ പരിവ്രാജക ജീവിതം സ്വീകരിക്കുന്നത്.

ഏകനായ അല്ലാഹു സകല വിധ ബഹുത്വങ്ങളിൽനിന്നും പരിശുദ്ധനാണെന്ന് ദൃഢമായി വിശ്വസിക്കുകയും തദനുസാരം വർത്തിക്കുകയുമാണ് വിശ്വാസപരമായ ഇഖ്‌ലാസ്. പരിശുദ്ധ ഖുർആനിലെ 112-ാം അധ്യായത്തിന് അൽഇഖ്‌ലാസ് എന്നാണ് പേർ. അല്ലാഹു ഏകനും എല്ലാ നിലക്കും സ്വയം പര്യാപ്തനും സകലരാലും ആശ്രയിക്കപ്പെടുന്നവനും ആരെയും ജനിപ്പിക്കാത്തവനും ആരാലും ജനിപ്പിക്കപ്പെടാത്തവനും തുല്യനോ സമാനനോ ആയി ഏതുമില്ലാത്തവനുമാകുന്നു എന്ന വിളംബരമാണ് സൂറഃ അൽഇഖ്‌ലാസിന്റെ ഉള്ളടക്കം.

ഹിദായത്, ഇസ്തിഖാമത് എന്നിവയും സുപരിചിതമായ പ്രയോഗങ്ങളാകുന്നു. അന്ത്യപ്രവാചകനിലൂടെ അവതീർണമായ സൻമാർഗം പ്രാപിക്കുകയാണ് ഹിദായത്. ആ സൻമാർഗത്തിൽ നേരാംവണ്ണം നിലകൊള്ളുക എന്നാണ് ഇസ്തിഖാമതിന്റെ താൽപര്യം.